LIBRARY ARCHIVES Kerala Legislative Assembly

ആയുഷ് ഡോക്ടർമാരുടെ വേതനം

121 (2676) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ ജോലി ചെയ്യുവരുന്ന ആയുഷ് ഡോക്ടർമാരുടെ വേതനം മുന്നറിയിപ്പില്ലാതെ വെട്ടിച്ചുരുക്കിയ സാഹചര്യം എന്താണെന്നു വിശദീകരിക്കാമോ ;

(ബി) പ്രസ്തുത നടപടി പുനഃപരിശോധിക്കുവാനും മുൻകാല പ്രാബല്യത്തോടെ കാലാനുസൃതമായി ശമ്പളം വർദ്ധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര വിഹിതം കുറവായതിനാലാണ് ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ ശമ്പളം വെട്ടിച്ചുരുക്കേണ്ടിവന്നത്.

(ബി) കേന്ദ്രസർക്കാരിൽനിന്നും 2014-15-ലേക്കുള്ള എൻ.എച്ച്.എം. സപ്ലിമെന്ററി PIP (Programme Implementation Plan) ഫണ്ട് ലഭിക്കുന്നമുറയ്ക്ക് ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ വെട്ടിച്ചുരുക്കിയ ശമ്പളം പുനഃസ്ഥാപിക്കുന്നതാണ്.

പുതുപൊന്നാനി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

122 (2677) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ പുതുപൊന്നാനിയിലുള്ള ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻ.ആർ.എച്ച്.എം. നിയമിച്ചിരുന്ന തെറാപ്പിസ്റ്റുകളെ ഒഴിവാക്കിയതുമൂലം വലിയ പ്രയാസം നേരിടുന്ന ആശുപത്രിയിലേക്ക് ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ ;

(സി) പ്രസ്തുത ആശുപത്രിയെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. പൊന്നാനി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ചിറക്കര എൻ.ആർ.എച്ച്.എം. ആയുർവ്വേദ ആശുപത്രി

123 (2678) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൻ.ആർ.എച്ച്.എം. ആയുർവ്വേദ ആശുപത്രി ഗ്രേഡ് ഉയർത്തി സർക്കാർ ആയുർവ്വേദ ആശുപത്രിയാക്കണമെന്ന് കാണിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൻ.ആർ. എച്ച്.എം. ആയുർവ്വേദ ഡിസ്പെൻസറി ഗ്രേഡ് ഉയർത്തി സർക്കാർ ആയുർവ്വേദ ആശുപത്രിയാക്കുന്നതിനായി ചിറക്കര ഗ്രാമപഞ്ചായത്ത് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

പുതുതായി ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി

124 (2679) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പുതുതായി ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly